"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട്, ആയഞ്ചേരി റഹ്മാനിയ്യ എച്ച്.എസ്.എസ്.ലെ ഫുൾടൈം മീനിയലായ ശ്രീമതി.ശ്രീനിഷ.കെ.പി.യുടെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.10633/2025/GEDN തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. മാനേജരുടെ 23.05.2025 തീയതിയിലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15/07/2025 തീയതിയിലെ ഡിജിഇ/13850/2025-ഇഎം6 നമ്പർ റിപ്പോർട്ട്

   കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28-07-2025 തീയതിയിലെ DDEKKD/5513/2025-B4 നമ്പർ റിപ്പോർട്ട്.

   വടകര ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 28-07-2025 തീയതിയിലെ DEOVKA/1622/2025-B6 നമ്പർ റിപ്പോർട്ട് .

**ഉത്തരവ്**

കോഴിക്കോട്, ആയഞ്ചേരി റഹ്മാനിയ്യ എച്ച്.എസ്.എസ്.ലെ ഫുൾടൈം മീനിയലായ ശ്രീമതി.ശ്രീനിഷ.കെ.പി.യുടെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചു.

2. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ 29.07.2025ന് നേരിൽ കേട്ടു.

3. മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ്.

3.1. ഈ വിദ്യാലയത്തിൽ 2022-23 വർഷം അധികമായി അനുവദിച്ച ഫുൾടൈം മീനിയൽ തസ്തികയിൽ 14/08/23 മുതൽ ശ്രീമതി. ശ്രീനിഷ കെ.പി.യെ നിയമിക്കുകയുണ്ടായി. എന്നാൽ

താഴെ പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാണിച്ച് നിയമനാംഗീകാരം വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു.

i. 06/02/21 ലെ ഗവ. ഉത്തരവ് (പി) 04/21/പൊ.വി പ്രകാരം, സത്യപ്രസ്താവന നൽകി രണ്ട് നിയമനങ്ങൾക്ക് അംഗീകാരം ലഭിച്ചതിനാൽ തത്തുല്യ എണ്ണം ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റി വെക്കേണ്ടതുണ്ട്.

ii. അധിക തസ്തികയിൽ 1:1 റേഷ്യോ പ്രകാരം മാത്രമേ നിയമനം നടത്താൻ പറ്റുകയുള്ളൂ.

iii. ചില രേഖകൾ പ്രപ്പോസലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

iv. ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

3.2. ജില്ലാ വിദ്യാഭ്യാസ ആഫീസരുടെ ഉത്തരവിനെതിരായി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീലും, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജിയും നൽകിയെങ്കിലും അധിക തസ്തിക നിയമനത്തിന് 1:1 റേഷ്യോ പാലിച്ചിട്ടില്ലെന്നും കാണിച്ച് ആയതും നിരസിക്കപ്പെട്ടിരിക്കുകയാണ്.

3.3. ഈ അവസരത്തിൽ താഴെ പറയുന്ന വസ്തുതകൾ പരിഗണിക്കേണ്ടതുണ്ട്.

a. 06/02/21 ലെ ഗവ.ഉത്തരവ് പ്രകാരം. സത്യപ്രസ്താവന നൽകി, നിയമനാംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും, തത്തുല്യ എണ്ണം ഒഴിവുകൾ ഇപ്പോൾ മാറ്റി വെക്കേണ്ടെന്നും, സുപ്രീം കോടതിയിൽ നില നിൽക്കുന്ന കേസ്സുകൾക്ക് വിധേയമായി ഒഴിവുകൾ മാറ്റി വെച്ചാൽ മതിയെന്നും, നിലവിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകാവുന്നതാണെന്നും 23/01/23 ലെ ഗവ.ഉത്തരവ് (പി) 02/23/പൊ.വി പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉന്നയിച്ച ഈ തടസ്സം ഇപ്പോൾ അപ്രസക്തമാണ്.

b. നിയമനം നടത്തിയത് അധിക തസ്തികയിലാണെങ്കിലും, മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച ഗവ.ഉത്തരവിന്റെ അടിസ്ഥാനത്തിൽ, നിയമനാംഗീകാരം നൽകാമോ എന്ന് പരിശോധിച്ചാലും. 2016-17 മുതൽ 19-20 വരെ അനുവദിക്കപ്പെട്ട അധിക തസ്തികകളിൽ 2019 -20 ന് ശേഷവും നിയമനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ; സത്യപ്രസ്താവന നൽകുന്ന മുറക്ക്, നിയമനത്തിന് അംഗീകാരം നൽകാമെന്നും ഇതേ ഗവ.ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതേ ആനുകൂല്യം ഈ

കേസ്സിലും അനുവദിക്കാമോ എന്ന് പരിശോധിക്കാനപേക്ഷ. സത്യപ്രസ്ഥാവന സമർപ്പിക്കാൻ മാനേജർ തയ്യാറുമാണ്.

c. പ്രപ്പോസലിൽ ചേർക്കാൻ വിട്ടുപോയതായി ജില്ലാ വിദ്യാഭ്യാസ ആഫീസർ ചൂണ്ടിക്കാട്ടിയ എല്ലാ രേഖകളും ശരിയാക്കിയിട്ടുണ്ട്. അപ്പീൽ ഉത്തരവ് ലഭ്യമായാൽ, ആയത് സമന്വയ വഴി ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് പുനഃസമർപ്പിക്കാവുന്നതാണ്.

d. ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിച്ചിട്ടില്ലെങ്കിൽകൂടി, നിലവിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകാവുന്നതാണെന്ന് 01/11/13 ലെ ഗവ.കത്ത് ജെ.ആർ 502/23/പൊ.വി. 01/11/23 ലെ ഡയറക്ടറുടെ എച്ച് 2/15133/23 നമ്പർ ഉത്തരവുകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ തടസ്സം നിലനിൽക്കുന്നില്ല. മാത്രമല്ല, മീനിയൽ കാറ്റഗറിയിൽ മാനേജർ നടത്തിയ ഭിന്നശേഷി നിയമനത്തിന് ജില്ലാ വിദ്യാഭ്യാസ ആഫീസർ ഇതിനകം അംഗീകാരം നൽകിയിട്ടുമുണ്ട്. ആയതിനാൽ അനധ്യാപക കാറ്റഗറിയിൽ ഭിന്നശേഷി നിയമനം പൂർത്തിയാക്കിയിട്ടുമുണ്ട്.

3.4.മേൽ വസ്തുതകൾ കണക്കിലെടുത്ത് ശ്രീമതി.ശ്രീനിഷ കെ.പി.യുടെ ഫുൾടൈം മീനിയൽ നിയമനത്തിന് 14/08/2023 മുതൽ അംഗീകാരം നൽകാനുള്ള നിർദ്ദേശം വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്..

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

കോഴിക്കോട്, ആയഞ്ചേരി റഹ്മാനിയ എച്ച്.എസ്. സ്കൂളിൽ 2022-23 വർഷത്തിൽ അധികമായി സൃഷ്ടിച്ച എഫ്.ടി.എം. തസ്തികയിലെ ശ്രീമതി. ശ്രീനിഷ കെ.പി.യുടെ 14/08/2023 മുതലുള്ള നിയമനാംഗീകാര അപ്പീൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ച ഉത്തരവിനെതിരായ മാനേജരുടെ റിവിഷൻ അപ്പീൽ ഉത്തരവ് നം.ഇഎം3/799962/2024/ഡിജിഇ തീയതി 24/03/2025 പ്രകാരം നിരസിച്ചതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.

2022 -23 വർഷങ്ങളിലെ അധിക തസ്തികകളിൽ കെ.ഇ.ആർ അധ്യായം XXI ചട്ടം (2)ലെ വ്യവസ്ഥകൾ പാലിച്ച മാത്രമേ നിയമനം നടത്തുവാൻ പാടുള്ളുവെന്നതിനാലും അനുബന്ധ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതിനാലും ശ്രീമതി. ശ്രീനിഷ കെ.പി.യുടെ നിയമനം നിരസിച്ചു.

ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി റോസ്റ്റർ തയ്യാറാക്കുകയോ ഭിന്നശേഷി നിയമനങ്ങൾ നടത്തിയതായോ മാനേജർ അറിയിച്ചിട്ടില്ല. 2022-23 വർഷത്തിൽ അധികമായി സൃഷ്ടിച്ച എഫ്.ടി.എം തസ്തികയിലാണ് ശ്രീമതി. ശ്രീനിഷ കെ.പി.യുടെ നിയമനം നടത്തിയിട്ടുള്ളത്. ആയതിനാൽ 1:1 അനുപാതം പാലിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. ശ്രീനിഷ കെ.പി.യുടെ 14/08/2023 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം അംഗീകരിക്കാനാവില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കന്ററി സ്കൂളിൽ 2022-23 വർഷത്തിൽ അധികമായി സൃഷ്ടിച്ച എഫ്.ടി.എം തസ്തികയിൽ മാനേജർ 14-08-2023 മുതൽ ശ്രീമതി ശ്രീനിഷ കെ.പി.യെ നിയമിക്കുകയും അംഗീകാരത്തിനായി സമന്വയ വഴി പ്രൊപോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രൊപ്പോസൽ ചുവടെ ചേർത്ത കാരണങ്ങളാൽ നിരസിച്ചുത്തരവായി.

- സ.ഉ.(അച്ചടി) നമ്പർ 4/2021 തീയതി 06/02/2021 പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുകയും 2 പേരുടെ നിയമനം അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ പുതുതായി ഉണ്ടാകുന്ന തസ്തിക സംരക്ഷിത അദ്ധ്യാപകർക്ക് നീക്കിവെക്കേണ്ടതിനാൽ മേപ്പടി നിയമനത്തിന് തസ്തികയിൽ ഒഴിവു ലഭ്യമല്ല.
- 2022 -23 വർഷത്തിലെ അധിക തസ്തികകൾ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) ലെ വ്യവസ്ഥകൾ പാലിച്ചുമാത്രമേ നിയമനം നടത്താൻ പാടുള്ളൂ. നിയമന തീയതിയിൽ സ്റ്റാഫ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.
- സ.ഉ.(അച്ചടി) നമ്പർ 29/2016 തീയതി 29/01/2016 പ്രകാരമുള്ള സത്യപ്രസ്താവന ഹാജരാക്കിയിട്ടില്ല.
- സ.ഉ (അച്ചടി) നമ്പർ 4/2021/പൊവി പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചത് പ്രകാരം നിയമിതരായവരുടെ വിവരങ്ങളോ പകരം മാറ്റിവെച്ച ഒഴിവുകളെ സംബന്ധിച്ച വിവരങ്ങളോ അറ്റാച്ച് ചെയ്തിട്ടില്ല.
- മേൽ തസ്തികയിലേക്ക് ചട്ടപ്പടി യോഗ്യരായ മറ്റ അവകാശികൾ ഇല്ലായെന്ന സത്യപ്രസ്താവന ഹാജരാക്കിയിട്ടില്ല
- അംഗീകൃത സീനിയോരിറ്റി ലിസ്റ്റിന്റെ പകർപ്പ് അറ്റാച്ച് ചെയ്തിട്ടില്ല

- ആധാർ/ ഇലക്ഷൻ ഐ ഡി / പാൻ പകർപ്പ് അറ്റാച്ച് ചെയ്തിട്ടില്ല
- ഡിഗ്രി യോഗ്യത നേടിയിട്ടില്ലായെന്ന സത്യപ്രസ്താവന ഹാജരാക്കിയിട്ടില്ല.
- സൈക്കിൾ സവാരി അറിയാമെന്ന സത്യപ്രസ്താവന ഹാജരാക്കിയിട്ടില്ല.

ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ 07/02/1996 മുതൽ 18/04/2017 വരെ നടത്തിയ നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷിക്കാർക്കായുള്ള 3 നിയമനത്തിനായി 33 വീതമുള്ള ഓരോ ബ്ളോക്കിലും 19/04/2017 മുതലുള്ള നിയമനങ്ങളിൽ 4% നിയമനത്തിനായി 25 വീതമുള്ള ഓരോ ബ്ളോക്കിലും ആദ്യ തസ്തിക. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് റിസർവേഷൻ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദേശിച്ചിരുന്നു.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലവിലിരുന്ന WP(C) 19808/21അന്തിമവിധി പ്രകാരം കേസുകളുടെയും ഉത്തരവിലെ മാർഗ്ഗനിർദ്ദേശം "08/11/2021 മുതൽ ഒഴിവ് വരുന്ന തസ്തികകളിൽ എന്നത് 18/11/2018 മുതൽ ഒഴിവ് വരുന്ന തസ്തികകൾ എന്നാക്കി ഭേദഗതി വരുത്തിയും ഉത്തരവായിരിക്കുകയാണ്. മേൽ ഉത്തരവുകളിൽ നിർദേശിച്ച പ്രകാരം റോസ്റ്റർ തയ്യാറാക്കുകയോ, ഭിന്നശേഷി നിയമനങ്ങൾ നടത്തിയതായോ മാനേജർ അറിയിച്ചിട്ടില്ല"

6. മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ സമർപ്പിച്ച അപ്പീലിന്മേൽ ചുവടെ ചേർത്ത പ്രകാരം നിരസിച്ചുത്തരവായി

"2022-23 വർഷത്തിൽ അധികമായി സൃഷ്ടിച്ച എഫ്.ടി.എം തസ്തികയിൽ ആണ് മാനേജർ 14-08-2023 മുതൽ ശ്രീമതി ശ്രീനിഷ കെ.പി.യെ നിയമിച്ചിട്ടുള്ളത്. സ.ഉ.(അച്ചടി) നമ്പർ 4/2021 തീയതി 06/02/2021 പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുകയും 2 പേരുടെ നിയമനം അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ പുതുതായി ഉണ്ടാകുന്ന തസ്തിക സംരക്ഷിത അദ്ധ്യാപകർക്ക് നീക്കിവെക്കേണ്ടതിനാൽ മേപ്പടി നിയമനത്തിന് തസ്തികയിൽ ഒഴിവു ലഭ്യമല്ല. 2022 -23 വർഷത്തിലെ അധിക തസ്തികകളിൽ കെ.ഇ.ആർ., അധ്യായം XXI ചട്ടം 7(2) ലെ വ്യവസ്ഥകൾ പാലിച്ചുമാത്രമേ നിയമനം നടത്താൻ പാടുള്ളൂ. മേൽ സഹചര്യത്തിൽ മാനേജർ 1:1 നിബന്ധന പാലിചിട്ടില്ല"

മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ സമർപ്പിച്ച അപ്പീൽ മേൽ കാരണങ്ങളാൽ

തന്നെ നിരസിച്ചുത്തരവായി.

നിയമന പ്രൊപ്പോസലിനൊപ്പം നിയമനാംഗീകാരത്തിന് ആവശ്യമായ മുഴുവൻ രേഖകൾ മാനേജർ ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തിൽ അധികമായി സൃഷ്ടിച്ച എഫ്.ടി.എം തസ്ത്ികയിൽ ആണ് മാനേജർ 14-08-2023 മുതൽ ശ്രീമതി ശ്രീനിഷ കെ.പി.യെ നിയമിച്ചിട്ടുള്ളത് . സ ഉ (അച്ചടി) നമ്പർ 4/2021 തീയതി 06/02/2021 പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുകയും 2 പേരുടെ നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പുതുതായി ഉണ്ടാകുന്ന അധിക തസ്തിക സംരക്ഷിത അദ്ധ്യാപകർക്ക് നീക്കിവെക്കേണ്ടതിനാൽ 2022-23 വർഷം അധികമായി സൃഷ്ടിക്കപ്പെട്ട അധിക തസ്തികയിൽ മാനേജർ നേരിട്ട് നിയമനം നടത്തിയത് ക്രമപ്രകാരമല്ല. 2022-23 വർഷത്തിലെ അധിക തസ്തികകളിൽ കെ.ഇ.ആർ., അധ്യായം XXI ചട്ടം 7(2) ലെ വ്യവസ്ഥകൾ പാലിച്ചുമാത്രമേ നിയമനം നടത്താൻ പാടുള്ളൂ. റഹ്മാനിയ എച്ച്.എസ്.എസ് മാനേജർ 1:1 നിബന്ധന പാലിചിട്ടില്ല എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിയമന പ്രൊപ്പോസലിനൊപ്പം നിയമനാംഗീകാരത്തിന് ആവശ്യമായ മുഴുവൻ രേഖകൾ മാനേജർ ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തിൽ അധികമായി സൃഷ്ടിച്ച എഫ്.ടി.എം തസ്ത്ികയിൽ ആണ് മാനേജർ 14-08-2023 മുതൽ ശ്രീമതി ശ്രീനിഷ കെ.പി.യെ നിയമിച്ചിട്ടുള്ളത് . സ ഉ (അച്ചടി) നമ്പർ 4/2021 തീയതി 06/02/2021 പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുകയും 2 പേരുടെ നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പുതുതായി ഉണ്ടാകുന്ന അധിക തസ്തിക സംരക്ഷിത അദ്ധ്യാപകർക്ക് നീക്കിവെക്കേണ്ടതിനാൽ 2022-23 വർഷം അധികമായി സൃഷ്ടിക്കപ്പെട്ട അധിക തസ്തികയിൽ മാനേജർ നേരിട്ട് നിയമനം നടത്തിയത് ക്രമപ്രകാരമല്ല. 2022-23 വർഷത്തിലെ അധിക തസ്തികകളിൽ കെ.ഇ.ആർ., അധ്യായം XXI ചട്ടം 7(2) ലെ വ്യവസ്ഥകൾ പാലിച്ചുമാത്രമേ നിയമനം നടത്താൻ പാടുള്ളൂ. റഹ്മാനിയ എച്ച്.എസ്.എസ് മാനേജർ 1:1 നിബന്ധന പാലിചിട്ടില്ല.

8. ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി റോസ്റ്റർ തയ്യാറാക്കുകയോ ഭിന്നശേഷി നിയമനങ്ങൾ നടത്തിയതായോ മാനേജർ അറിയിച്ചിട്ടില്ല. 2022-23 വർഷത്തിൽ അധികമായി സൃഷ്ടിച്ച എഫ്.ടി.എം തസ്തികയിലാണ് ശ്രീമതി. ശ്രീനിഷ കെ.പി.യുടെ നിയമനം നടത്തിയിട്ടുള്ളത്. ആയതിനാൽ 1:1 അനുപാതം പാലിച്ചിട്ടില്ല.

9. മേൽ സാഹചര്യത്തിൽ , മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിലവിലെ ചട്ടങ്ങൾ പ്രകാരം അനുവദിക്കാൻ കഴിയാത്തതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

മാനേജർ, റഹ്മാനിയ്യ ഹയർസെക്കൻഡറി സ്കൂൾ, ആയഞ്ചേരി, തറോപ്പോയിൽ പി.ഒ.,

കോഴിക്കോട് - 673 541

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 03-01-2026 11:49:26

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.